പെൻഷൻ നൽകേണ്ടതായി വരികയും ചെയ്യുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷനറി ബെനിഫിറ്റുകൾ നൽകുവാൻ സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം തുക ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്.

39 (352) പ്രോവിഡന്റ് ഫണ്ടിന്റേയും ലഘുസമ്പാദ്യ പദ്ധതിയുടേയും പലിശ

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രോവിഡന്റ് ഫണ്ടിന്റെയും ലഘുസമ്പാദ്യ പദ്ധതിയുടേയും പലിശയിൽ കുറവു വരുത്തിയിട്ടുണ്ടോ;

(ബി) ഇത് സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ ഏതുവിധം ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സർക്കാരിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) ഇതര പ്രോവിഡന്റ് ഫണ്ടുകൾ എന്നിവയ്ക്കുള്ള പലിശ 1999-2000 വർഷത്തിൽ പന്ത്രണ്ട് ശതമാനമായി (12%) തുടരുമെന്ന് ജി.ഒ (എം.എസ്) 1896/99/ഫിൻ. തീയതി 25.9.99 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലെ നിരക്കിൽനിന്നും പലിശ കുറഞ്ഞിട്ടില്ല. എന്നാൽ പബ്ലിക് പ്രോവിഡന്റ് ഫണ്ട് ഉൾപ്പെടെ (പോസ്റ്റാഫീസ് സേവിംഗ്സ് അക്കൗണ്ട് ഒഴികെ) എല്ലാ ലഘുസമ്പാദ്യപദ്ധതികളുടേയും പലിശയിൽ കേന്ദ്ര സർക്കാർ 15.1.2000 മുതൽ താഴെ കാണും പ്രകാരം കുറവ് വരുത്തുകയുണ്ടായി.

പദ്ധതി	15.1.2000 മുൻപുള്ള പലിശ	15.1.2000 മുതലുള്ള പലിശ
1) കിസാൻ വികാസ്പത്ര (കെ.വി.പി)	6 വർഷം കൊണ്ട് ഇരട്ടിക്കുന്നു.	6 1/2 വർഷംകൊണ്ട് തുക ഇരട്ടിക്കുന്നു.
2) നാഷണൽ സേവിംഗ്സ് സ്കീം അക്കൗണ്ട് (എൻ.എസ്.എസ്. 1992)	11 %	10.50%
3) പ്രതിമാസ വരുമാന പദ്ധതി (എം.ഐ.എസ്)	12%	11%
4) 15 വർഷ പബ്ലിക്		

LIBRARY ARCHIVES Kerala Legislative Assembly

പ്രോവിഡന്റ് ഫണ്ട് (പി.പി.എഫ്)	12%	11%
5) ടൈം ഡെപ്പോസിറ്റ്		
1 വർഷം	9%	8%
2 വർഷം	10%	9%
3 വർഷം	11%	10%
5 വർഷം	11.5%	10.5%
6) നാഷണൽ സേവിംഗ്സ് അക്കൗണ്ട് (VII ഇഷ്യൂ)	6 വർഷം കൊണ്ട് 1000 രൂപ 1956/- രൂപ ആകും.	6 വർഷം കൊണ്ട് 1000 രൂപ 1901.20/- രൂപ ആകും.

(ബി) ലഘു സമ്പാദ്യ പദ്ധതികളുടെ പലിശയിൽ വരുത്തിയിരിക്കുന്ന കുറവ് സ്വാഭാവികമായും സംസ്ഥാനത്തിലെ പോസ്റ്റോഫീസുകൾ വഴി നിക്ഷേപിക്കപ്പെടുന്ന ലഘു സമ്പാദ്യ പദ്ധതികളിലെ കളക്ഷനെ ബാധിക്കും. കളക്ഷനിൽ കുറവ് വരുന്നതിനനുസരിച്ച് സംസ്ഥാനത്തിന് കിട്ടുന്ന വായ്പയിലും കുറവുണ്ടാകും.

40 (353) ക്ഷാമബത്ത കുടിശ്ശിക

ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. എം.കെ. മുനീർ :

ശ്രീ. നാലകത്ത് സൂപ്പി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.1.1999 മുതൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ക്ഷാമബത്ത സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ടോ;

(ബി) 1.7.1999 മുതൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ക്ഷാമബത്ത കേരളത്തിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ടോ;

(സി) ഈ രണ്ട് ഗഡു ക്ഷാമബത്തയും ജീവനക്കാർക്ക് നൽകാത്തത് എന്തുകൊണ്ടാണ്;

(ഡി) ക്ഷാമബത്തകൾ എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) സംസ്ഥാനത്തിന്റെ തൃപ്തികരമല്ലാത്ത സാമ്പത്തിക സ്ഥിതി മൂലമാണ് രണ്ട് ഗഡു ക്ഷാമബത്ത ജീവനക്കാർക്ക് നൽകാത്തത്.

(ഡി) താമസംവിനാ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly